## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5048** **15/11/2019- ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറികളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജൈവ പച്ചക്കറി എന്ന നിലയിൽ വിതരണം ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്, സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കേളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള മറ്റ് രണ്ടു ലബോറട്ടറികൾ കൂടി പ്രവർത്തന സജ്ജമാണ്. ഇവയിൽ ഒന്ന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലും മറ്റൊന്ന് പടന്നക്കാട് കാർഷിക കോളേജിലുമാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനങ്ങൾവഴി അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കാർഷികയിടങ്ങളിൽ അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് തടയാൻ നടപടികൾ ഉണ്ടോ; വ്യക്തമാക്കാമോ? | (ബി) | കൃഷിയിടങ്ങളിൽ അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് തടയാൻ ജൈവ കൃഷി പ്രോത്സാഹിപ്പിച്ച് സുരക്ഷിത ഭക്ഷണം ആഭ്യന്തര ഉപഭോഗത്തിന് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ |

ഇക്കോഷോപ്പുകളിലൂടെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇക്കോഷോപ്പുകളിലൂടെ വിറ്റഴിക്കുന്ന പച്ചക്കറികൾ പരിശോധിച്ചതിൽ (കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലുള്ള അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിച്ചത് പ്രകാരം) കീടനാശിനിയുടെ അളവ് ഗണ്യമായി കുറഞ്ഞത് ശ്ലാഘനീയമായ വസ്തുതയാണ്. പരിശോധന സംബന്ധിച്ച കേരള കാർഷിക സർവ്വകലാശാലയുടെ 46 -ാമത് റിപ്പോർട്ട്(2019 ജൂൺ) ഇത് വിശദമാക്കുന്നുണ്ട്.

കൂടാതെ നിരോധിച്ച കീടനാശിനികളുടെ വില്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പന നടക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിനും കൃഷി ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കീടനാശിനികളുടെ ഉത്പ്പാദനം മൊത്ത/ചില്ലറ വിതരണം എന്നിവ നിയന്ത്രിക്കുന്നതിന് 1968 ലെ ഇൻസെക്ടിസൈഡ് ആക്ടിലെ നിബന്ധനകൾ പാലിച്ച് ലൈസൻസ് നൽകുന്ന നടപടികളും സംസ്ഥാന തലങ്ങളിലും ജില്ലാ തലങ്ങളിലും സ്വീകരിച്ചിട്ടുമുണ്ട്. കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കും കർഷകർക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും നല്ല കൃഷി മുറകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും 'കീടനാശിനികളുടെ സുരക്ഷിത ഉപയോഗം' സംബന്ധിച്ച പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

Sreelatha

**സെക്ഷൻ ഓഫീസർ**